പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4008 — 12.12.2018 ൽ മറുപടിക്ക്

## തിരുവമ്പാടി മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | തിരുവമ്പാടി മണ്ഡലത്തിൽ എവിടെയെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ കോടഞ്ചേരി സാമൂഹികാരോഗ്യ കേന്ദ്രത്തേയും തിരുവമ്പാടി, കൂടരഞ്ഞി,കൊടിയത്തൂർ, കാരശ്ശേരി എന്നീ പി.എച്ച്.സി.കളെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഇതിൽ പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചത് എവിടെയൊക്കെയാണ്; | (ബി) & (സി) | പുതുപ്പാടി പി.എച്ച്.സി.യിൽ സിവിൽ വർക്കുകൾ എല്ലാം പൂർത്തിയായിട്ടുണ്ട്. ഉടൻ തന്നെ പ്രവർത്തനമാരംഭിക്കുന്നതാണ്. ശേഷിക്കുന്ന സ്ഥാപനങ്ങളിൽ ഗ്യാപ് അനാലിസിസിന്റെ അടിസ്ഥാനത്തിൽ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ എൻ.എച്ച്.എം.വഴി നടന്നു വരുന്നു. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (സി) | ശേഷിക്കുന്നവ പൂർണ്ണതോതിൽ എന്നു മുതൽ പ്രവർത്തനം ആരംഭിക്കും എന്നു വ്യക്തമാക്കുമോ; | | |
| (ഡി) | എന്തെല്ലാം അധിക സൗകര്യങ്ങളും സേവനങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണ് എന്ന് വ്യക്തമാക്കുമോ? | (ഡി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, സ്വകാര്യതയോടു കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം, മൂന്ന് ഡോക്ടർമാരുടെ സേവനം, നേഴ്സസ് പ്രീ ചെക്കും കൗൺസിലിങ്ങും, വൈകീട്ട് 6 മണി വരെ ഒ.പി.സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ